# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5644** — **29-07-2015- ൽ മറുപടിക്ക്**

## വിഴിഞ്ഞം പദ്ധതിക്കായി പ്രത്യേക കമ്പനി

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | | : | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) | വിഴിഞ്ഞംപദ്ധതിക്കായി പൊതു / സ്വകാര്യ പങ്കാളിത്തമുള്ള പ്രത്യേക കമ്പനി രൂപീകരിക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്ന് എന്നാണ് അനുമതി വാങ്ങിയതെന്ന് വെളിപ്പെടുത്താമോ ; | (എ) & (ബി) | പൊതു സ്വകാര്യ പങ്കാളിത്തമുള്ള പ്രത്യേക കമ്പനി വിഴിഞ്ഞം പദ്ധതിയ്ക്കായി രൂപീകരിക്കേണ്ടതില്ല. തെരഞ്ഞെടുത്ത പങ്കാളിയ്ക്ക് ലെറ്റർ ഓഫ് അവാർഡ് നൽകുന്നതിനാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും അനുവാദം വാങ്ങിയിട്ടുള്ളത്. തുറമുഖ പദ്ധതി ആരംഭിക്കുന്നതിന് സർക്കാരും കൺസഷനയറായ അദാനി പോർട്സ് ആൻഡ് സ്പെഷ്യൽ എക്കണോമിക് സോൺ രൂപീകരിക്കാൻ പോകുന്ന സ്പെഷ്യൽ വെഹിക്കിൾ കമ്പനിയും തമ്മിൽ കൺസഷൻ എഗ്രിമെന്റ് ഒപ്പിടേണ്ടതാണ്. കരാർ പ്രകാരമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ അതിനു ശേഷമേ ആരംഭിക്കുവാനാകൂ. |
| (ബി) | പ്രസ്തുത കമ്പനി ഇതിനകം രൂപീകരിച്ചുവോ ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ; | | |
| (സി) | പദ്ധതിക്കായി രൂപീകരിക്കുന്ന പ്രത്യേക കമ്പനിയിൽ ആരെല്ലാമാണ് അംഗങ്ങളെന്ന് വിശദമാക്കാമോ ? | (സി) | കരാർ പ്രകാരം സംസ്ഥാന സർക്കാർ തുറമുഖത്തിന്റെ ലൈസൻസറും ലാൻഡ് ലോർഡുമാണ്. അതുകൊണ്ട് പദ്ധതിക്കായി കൺസഷനയർ രൂപീകരിക്കുന്ന സ്പെഷ്യൽ പർപ്പസ് കമ്പനിയിൽ സംസ്ഥാന ഗവൺമെന്റിന് ഓഹരി പങ്കാളിത്തമില്ല. ആയതിനാൽ സർക്കാർ പ്രതിനിധികൾ അംഗങ്ങൾ അല്ല. |

സെക്ഷൻ ഓഫീസർ